ഉത്തരം

(എ) ഉണ്ട്.

(ബി) നാലു പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

സിറ്റി സർവ്വീസ് നടത്തുന്ന നഗരങ്ങൾ

98 [2225] ശ്രീ. പി. ജെ. ജോയി:

" എ. പി. അനിൽകുമാർ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം നഗരങ്ങളിൽ കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസ് നടത്തുന്നുണ്ട്;

(ബി) എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് സിറ്റി സർവ്വീസ് നടത്തുവാൻ ഉദ്ദേശമുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) പ്രസ്തുത നഗരങ്ങളിൽ സിറ്റി സർവ്വീസ് ലാഭകരമായി നടത്തുവാൻ കഴിയുമോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ സിറ്റി സർവ്വീസ് നടത്തുന്നുണ്ട്.

(ബി) പരിഗണനയിൽ ഇല്ല.

(സി ആന്റ് ഡി) ധാരാളം പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്ന ഈ നഗരങ്ങളിൽ കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസ് നടത്തുന്നത് ലാഭകരമായിരിക്കില്ല.

കിളിമാനൂർ ഡിപ്പോയിൽ നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനരാരംഭിക്കുവാൻ നടപടി

99 [2226] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്;

(ബി) ഏതെങ്കിലും ഷെഡ്യൂൾ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, ഏതെല്ലാം ഷെഡ്യൂളുകളാണ് നിർത്തലാക്കിയത്;

(ഡി) നിർത്തലാക്കിയതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ;

(ഇ) നിർത്തലാക്കിയ ഷെഡ്യൂളുകൾ സമയം ക്രമീകരിച്ച് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly